"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൃശ്ശൂർ ഏറിയാട് ഗ്രാമ പഞ്ചായത്ത് - അഴീക്കോട് ഗവ. യു.പി സ്കൂൾ കെട്ടിട നിർമ്മാണം - 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.492/2025/LSGD തീയതി, തിരുവനന്തപുരം, 17-02-2025

---

പരാമർശം:-

1. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ചീഫ് മാനേജരു (ടെക്നിക്കൽ)-ടെ 29.04.2023-ലെ CM/PMU/KILA-KIIFB/CL നമ്പർ കത്ത്.
2. അഴീക്കോട് ഗവ. യു.പി സ്കൂൾ പ്രഥമാധ്യാപികയുടെ 07/2023 എന്ന് തീയതി രേഖപ്പെടുത്തിയ അപേക്ഷ
3. ചീഫ് ടൗൺ പ്ലാനറുടെ 01-04-2024, 20.01.2025 തീയതികളിലെ LSGD/PD/42675/2023-TCPA1 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിൽ ഏറിയാട് ഗ്രാമപഞ്ചായത്തിലെ അഴീക്കോട് ഗവ. യു.പി സ്കൂളിന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെട്ടിടനിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും സ്കൂൾ കെട്ടിടം നിൽക്കുന്ന പ്ലോട്ട് ഏരിയ കണക്കാക്കുമ്പോൾ കവറേജ് 53% വരുന്നുണ്ടെങ്കിലും സ്കൂളിന്റെ കളി സ്ഥലം ഏരിയ സ്കൂളിൽ നിന്നും മാറിയാണ് ഉള്ളതെന്നും നിലവിലുള്ള കെട്ടിടത്തിന്റെ വെർട്ടിക്കൽ എക്സ്റ്റൻഷൻ ആണ് സ്കൂൾ അധികൃതർ നിർദ്ദേശിച്ചിട്ടുള്ളതെന്നും ടി കെട്ടിടത്തിന്റെ മുൻവശം റോഡാണെന്നും റോഡിൽ നിന്നുള്ള ദൂരം 1.92m മാത്രം ആണ് വരുന്നതെന്നും back yard 1.97m ആണ് ഉള്ളതെന്നും അടുത്തുള്ള കെട്ടിടങ്ങളിൽ നിന്നുള്ള അകലം 1.92m ഉം 2.56m ഉം ആണ് വരുന്നതെന്നും ടി സ്ഥലത്തുള്ള കെട്ടിട നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ (KPBR) ലംഘിക്കുമെന്നതിനാൽ സർക്കാരിന്റെ പ്രത്യേക ഉത്തരവ് ലഭിച്ചാൽ മാത്രമേ പ്രവൃത്തി നടപ്പിലാക്കാൻ കഴിയൂ എന്നും പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. തീരദേശത്തുള്ള ടി സ്കൂൾ ക്ലാസ് മുറികളുടെ അപര്യാപ്തത മൂലം ബുദ്ധിമുട്ടുകയാണെന്നും നിലവിലുള്ള കെട്ടിടത്തിന്റെ മുകളിലാണ് പുതിയ ക്ലാസ് മുറികൾ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്നും സ്കൂൾ കെട്ടിടനിർമാണത്തിന് ഇളവ് നൽകണമെന്നും പരാമർശം (2) പ്രകാരം സ്കൂളിന്റെ പ്രഥാമാധ്യാപികയും അപേക്ഷിച്ചിട്ടുണ്ട്.

2) ഏറിയാട് ഗ്രാമപഞ്ചായത്തിലെ അഴീക്കോട് വില്ലേജിൽ സർവ്വേ നം.291/2, 291/3 എന്നിവയിൽ ഉൾപ്പെട്ട ആകെ 1883 ച.മീ സ്ഥലത്താണ് അഴീക്കോട് ഗവ. യു.പി സ്കൂൾ സ്ഥിതി ചെയ്യുന്നതെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനത്തോടെ ഗ്രൗണ്ട് ഫ്ലോർ നിർമ്മിച്ചിട്ടുള്ള കെട്ടിടനമ്പർ ലഭ്യമല്ലാത്ത സ്കൂൾ കെട്ടിടത്തിന്റെ മുകളിൽ ഒന്നാം നിലയും സ്റ്റെയർ റൂമും നിർമിക്കുന്നതിന് KPBR 2019, ചട്ടം 3(4) പ്രകാരമുള്ള ഇളവിനാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നും ചുവടെപ്പറയുന്ന ചട്ടങ്ങൾക്ക് ഇളവ് ആവശ്യമാണെന്നും പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

a) ചട്ടം 27(1) കവറേജ്

b) ചട്ടം 26 മുൻവശത്തെ തുറസ്സായ സ്ഥലം

c) ചട്ടം 26 Average rear yard

d) ചട്ടം 26(5) കെട്ടിടങ്ങൾ തമ്മിലുള്ള അകലം

e) ചട്ടം 37 Exit width of stair

f) ചട്ടം 76 Rainwater harvesting arrangements

g) ചട്ടം 28 -Access to building

പ്രസ്തുത ചട്ടലംഘനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി ഇളവ് അനുവദിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ സൗകര്യം പ്രോത്സാഹിപ്പിക്കേണ്ടതിനാലും സ്കൂൾ പ്ലോട്ടിൽ ലഭ്യമായ സ്ഥലം പരിമിതമായതിനാലും ഗ്രൗണ്ട് ഫ്ലോറിലെ നിർമ്മാണം ഇതിനകം പൂർത്തിയാക്കിയിട്ടുള്ളതിനാലും സർക്കാരിന്റെ കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തുന്ന നിർമ്മാണമായതിനാലും തീരദേശമേഖലയിലെ ജനങ്ങൾ ആശ്രയിക്കുന്ന ഗവൺമെന്റ് സ്കൂളിന്റെ കെട്ടിടം എന്ന പ്രത്യേകപരിഗണന നൽകിക്കൊണ്ട് ഏറിയാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ഗവ. യുപി സ്കൂൾ കെട്ടിടത്തിന് 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ (KPBR 2019) ചട്ടം 27(1) (കവറേജ്), ചട്ടം 26 (മുൻവശത്തെ തുറസ്സായ സ്ഥലം), ചട്ടം 26 (Average rear yard), ചട്ടം 26(5) (കെട്ടിടങ്ങൾ തമ്മിലുള്ള അകലം), ചട്ടം 37 (Exit Width of stair) എന്നിവയിൽ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത ചട്ടങ്ങളുടെ ചട്ടം 3(4) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

1. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 220(ബി) വകുപ്പ് ഉൾപ്പെടെ എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുണ്ടെന്നു പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
2. കുട്ടികളുടെ സുരക്ഷയെ ബാധിക്കുന്ന കാര്യമായതിനാൽ, വടക്ക് ഭാഗത്തുള്ള പ്രൈവറ്റ് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത ശേഷം അല്ലെങ്കിൽ സ്കൂൾ ആവശ്യത്തിന് പ്രസ്തുത റോഡ് ഉപയോഗിക്കുന്നതിനുള്ള നിയമപരമായ അവകാശം ഉണ്ടെന്നു പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ സ്കൂൾ കെട്ടിട നിർമ്മാണകാര്യത്തിൽ തുടർപ്രവർത്തനങ്ങൾ നടത്താവൂ.
3. അടിയന്തരഘട്ടങ്ങളിൽ സ്റ്റെയർകേസ് ഉപയോഗിക്കുന്നവരുടെ എണ്ണം കുറയ്ക്കുന്നതിനായി നിർദ്ദിഷ്ട സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നിലയിലെ ഏതെങ്കിലും ക്ലാസ് റൂമും താഴത്തെ നിലയിലെ ഹെഡ് മാസ്റ്ററുടെ ഓഫീസ് റൂമും പരസ്പരം മാറ്റേണ്ടതാണ്. അല്ലാത്ത പക്ഷം

കെട്ടിടത്തിൽ ഒരു സ്റ്റെയർകേസ് കൂടി നൽകേണ്ടതാണ്. നിലവിലെ കെട്ടിടത്തിന് മുകളിലായി പുതിയ നില നിർമ്മിക്കുകയാണെങ്കിൽ സ്റ്റെയർകേസിന്റെ വീതി കൂട്ടേണ്ടതാണ്.

4. ചട്ടം 76(1) പ്രകാരമുള്ള ഭൂജലപോഷണസംവിധാനവും, ചട്ടം 76(2) പ്രകാരമുള്ള മഴവെള്ളസംഭരണിയും നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.
5. സർക്കാരിൽ നിന്ന് ഇളവ് അനുവദിക്കുന്ന ചട്ടങ്ങൾ ഒഴികെ KPBR 2019-ലെ മറ്റ് ചട്ടങ്ങളെല്ലാം പാലിച്ചിരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Rajesh N
Date: 17-02-2025 17:31:51
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ല ടൗൺ പ്ലാനർ, തൃശ്ശൂർ.
സെക്രട്ടറി, ഏറിയാട് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ
പ്രധാനാധ്യാപിക, ഗവ. യു പി സ്കൂൾ, അഴീക്കോട്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ് ആന്റ് ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ